**A** | **GI 512**

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് : 5 | സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

1.എ. അഭിപ്രായക്കുറിപ്പ് 4

1. അഭിപ്രായ രൂപീകരണത്തിനുതകുന്ന പ്രസക്തമായ ആശയങ്ങളെല്ലാം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്.
2. സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആവശ്യമായ യുക്തിയും വിശദീകരണവും നൽകി സമർത്ഥിച്ചിട്ടുണ്ട്.
3. വായനക്കാർക്ക് മനസ്സിലാകും വിധം ആകർഷണീയതയോടെ (ഉചിതമായ പദങ്ങൾ, സമർത്ഥനത്തിനാവശ്യമായ ഭാഷാശൈലി, ആശയവ്യക്തത, വാക്യവൈവിധ്യം) എഴുതിയിട്ടുണ്ട്.

ബി. പ്രമേയവുമായി ബന്ധപ്പെട്ട ഉചിതമായ തലക്കെട്ട് 1

2. പ്രസംഗം 5

1 പ്രമേയവുമായി ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ ക്രമീകൃതമായി അവതരിപ്പിച്ചിട്ടുണ്ട്.

2 കേൾക്കുന്നവരോട് സംവദിക്കുന്ന തരത്തിലുള്ള ഭാഷ (ലളിതം, ഉദാഹരണങ്ങൾ, വിശകലന രീതി, ശ്രോതാക്കളുടെ നിലവാര പരിഗണന)

3 അഭിസംബോധന, കേന്ദ്രാശയങ്ങളിൽ നിന്ന് ഉപാശയങ്ങളിലേക്ക്, ഉപസംഹാരം - എന്ന ക്രമം പാലിച്ചിട്ടുണ്ട്.

4 സ്വന്തമായ അഭിപ്രായങ്ങൾ, നിലപാടുകൾ എന്നിവ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

3.എ. കത്ത് 4

1. കത്തിന്റെ ലക്ഷ്യത്തോട് നീതി പുലർത്തുന്ന ഉള്ളടക്കം പൂർണതയോടെ ആശയങ്ങൾ ക്രമീകരിച്ച് എഴുതിയിട്ടുണ്ട്.
2. കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (ആര്, ആർക്ക്, എപ്പോൾ, എവിടെ നിന്ന് അയയ്ക്കുന്നു.)
3. അവതരണം (പദവി, സന്ദർഭം, വൈകാരിക അവസ്ഥ എന്നിവ പ്രതിഫലിപ്പിക്കുന്ന ഭാഷ)
4. വാക്യ വൈവിധ്യം, ഉചിതപദങ്ങളുടെ പ്രയോഗം, ആശയവ്യക്തത, വാക്യഘടന, ചിഹ്നങ്ങൾ എന്നിവയോടെ എഴുതിയിട്ടുണ്ട്.

ബി. പ്രഭാതം.

4.എ. വർണന 4

1. ആലങ്കാരികമായ ഭാഷ (വർണ്യ വസ്തുവിന്റെ സവിശേഷതകൾ, സൂക്ഷ്മ ഗുണങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കൽ, സാമ്യ വ്യത്യാസങ്ങൾ, ഉചിതമായ ഉദാഹരണങ്ങൾ)
2. ഭാവനാംശം കലർന്ന ഉള്ളടക്കം (സൂക്ഷ്മ നിരീക്ഷണത്തിലൂടെ കണ്ടെത്തുന്ന വർണ്യവസ്തുവിന്റെ സ്വഭാവം ഭാവനയ്ക്കനുസരിച്ച് മറ്റൊന്നായി സങ്കല്പിച്ചെഴുതൽ, ആശയപൂർണത, ആശയക്രമീകരണം.
3. വാങ്മയ ചിത്രം ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി. ജാലകപ്പക്ഷി. 1

5. കഥാരചന 5

1. പ്രമേയം/സംഭവം വായനക്കാരനിൽ എത്തിക്കുന്നതിനാവശ്യമായ വൈവിധ്യപൂർണമായ തുടക്കം, വളർച്ച, ഒടുക്കം എന്നിവ പാലിച്ചിട്ടുണ്ട്.
2. അനുയോജ്യരായ കഥാപാത്രങ്ങൾ, കഥാഗതിയിൽ അവരുടെ പങ്ക് ഇവ വ്യക്തമാകുന്നുണ്ട്.
3. ആഖ്യാനരീതി ആകർഷമാക്കുന്നതിനാവശ്യമായ ഭാഷയിൽ (ഉചിത പദങ്ങൾ, പ്രയോഗങ്ങൾ, വാക്യങ്ങൾ) എഴുതിയിട്ടുണ്ട്.
4. ഉചിതമായ ശീർഷകം നൽകിയിട്ടുണ്ട്.